(ബി) ഏതെല്ലാം കായലുകളിൽ ലോട്ടസ് പാർക്ക് ഇപ്പോൾ നിലവിലുണ്ട്;

(സി) ടൂറിസവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന കായലുകളിൽ ലോട്ടസ് പാർക്ക് ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ, ബി) ഇക്കാര്യം ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

(സി) പരിശോധിക്കാവുന്നതാണ്.

ആയുർവേദ ചികിൽസാ രീതിയുടെ ഗുണനിലവാരം നിലനിർത്തുവാൻ നടപടി

67 [6033] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ ആയുർവേദ ചികിൽസാ രീതി വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുമ്പോൾ അതിന്റെ ഗുണനിലവാരം നഷ്ടപ്പെടുന്നതായുള്ള ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആയുർവേദ കേന്ദ്രങ്ങളെ അവയുടെ ഗുണനിലവാരം അനുസരിച്ച് തരം തിരിക്കാൻ ടൂറിസം വകുപ്പ് പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന അനധികൃത ആയുർവേദ പാർലറുകളെ നിയന്ത്രിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോടും, പോലീസ് വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ മെച്ചമാക്കാൻ നടപടി

68 [6034] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ ഇന്ത്യയിലാകെ എത്ര ഇൻഫർമേഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര ഓഫീസുകൾ സംസ്ഥാനത്തിന് പുറത്ത് പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly